# കേരളത്തിലെ വിദ്യാഭ്യാസം
# കാൽനൂററാണ്ട് പിറകോട്ട്

4192

സി ഭാസ്കരൻ

370.15483

ചിന്ത പബ്ലിഷേഴ്സ്
തൈക്കാട്
തിരുവനന്തപുരം 695 014
വില: 75 പൈസ

**keralathile vidhaabhyaasam kaalnoottandu pinnoottu** ★
c bhaskaran ★ published by chintha publishers, trivandrum ★
july 1984 ★ distributed by deshabhimani book house, trivandrum ★
printed at social scientist press, trivandrum-14.

price : *seventyfive paise*

370·15483

വിതരണം :

**ദേശാഭിമാനി ബുക്ക് ഹൗസ്**

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം,
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ.

CO-229-383

PC Library & Research Center

# കാൽനൂററാണ്ട് പിറകോട്ട്

കേരളം ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുൻപന്തിയിലാണ്. ഇവിടത്തെ ജനസംഖ്യയിൽ എഴുപത് ശതമാനത്തിലധികം സാക്ഷരരത്രെ. അഖിലേന്ത്യാതലത്തിലെ ശരാശരി സാക്ഷരതാനിരക്ക് മുപ്പതുശതമാനത്തിലെത്തിനിൽക്കുമ്പോഴാണ് കേരളം ഈ വളർച്ചനിരക്ക് കൈവരിച്ചതെന്നോർക്കുക. 6-11 വയ:പരിധിയിലെ പ്രവേശനനിരക്ക് ഏതാണ്ട് നൂറ് ശതമാനത്തിലെത്തിയിരിക്കുകയാണെന്നതും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ വളർച്ചയുടെ സമഗ്രമായ ഒരു ചിത്രം ലഭിക്കാനുതകുന്ന ചില കണക്കുകൾകൂടി ശ്രദ്ധിക്കുക.

സംസ്ഥാനത്തൊട്ടാകെ 7491 സ്വകാര്യ സ്കൂളുകളും 4439 ഗവൺമെൻറ് സ്കൂളുകളും 93 ട്രെയിനിങ്ങ് സ്കൂളുകളുമുണ്ട്. മുന്നൂറിലധികം അംഗീകൃത സ്കൂളുകളും. ഈ സ്കൂളുകളുടെ ബ്രാഞ്ചുകളും സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി ചിതറിക്കിടക്കുന്നു. ഈ സ്കൂളുകളിലെല്ലാംകൂടി 58.68 ലക്ഷം കുട്ടികൾ പഠിക്കുകയും 97524 അധ്യാപികമാരും 82732 അധ്യാപകരും ഉൾപ്പെടെ 1 80 256 പേർ പഠിപ്പിക്കുകയും ചെയ്യുന്നു. ഇരുനൂറോളം കോളേജുകളും അതിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികളും അധ്യാപകരും ഇതിനു പുറമെയാണ്. നമ്മുടെ റവന്യൂ വരുമാനത്തിന്റെ 45 ശതമാനം വിദ്യാഭ്യാസമേഖലയിലേക്ക് പോകുന്നു. കേരളത്തിലെ സവിശേഷമായ ഭൂവുടമസമ്പ്രദായം, സാമൂഹ്യപ്രസ്ഥാനങ്ങളുടെയും മിഷനറിമാരുടേയും പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ കാരണങ്ങളുടെ ഫലമായിട്ടാണ് വിദ്യാഭ്യാസരംഗത്ത് കേരളം ഇത്രയധികം വളർച്ച പ്രാപിച്ചത്.

### തത്വദീക്ഷയില്ല

എന്നാൽ അളവിലുണ്ടായ ഈ വളർച്ചക്കാനുപാതികമായി ഗുണത്തിൽ മാററമുണ്ടായിട്ടില്ല. എന്നല്ല, വിദ്യാഭ്യാസനിലവാരം കുറഞ്ഞു

കൊണ്ടിരിക്കുകയാണെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പുതിയ പുതിയ വിദ്യാലയങ്ങളാരംഭിക്കുന്നതിനു പകരം ഉള്ള വിദ്യാലയങ്ങളിലെ നിലവാരമുയർത്തുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയാണ് വേണ്ടത്; പഠിക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യം വർധിപ്പിക്കുകയാണ് വേണ്ടത്. ഖേദകരമെന്ന് പറയട്ടെ, അതിനുനേരെ വിപരീതമായാണ് ഇവിടെ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. യാതൊരു തത്വദീക്ഷയും കൂടാതെ പുതിയ പുതിയ വിദ്യാലയങ്ങൾ സ്വകാര്യമേഖലയിൽ അനുവദിക്കുക: അൺഎയ്ഡഡ് സ്കൂളുകൾക്ക് — അവയിൽ ഏറക്കുറെ എല്ലാം ഇംഗ്ളീഷ് മീഡിയം സ്കൂളുകളാണ് — അംഗീകാരം നൽകുക—ഈ നയമാണ് ഗവൺമെൻറ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സ്കൂളുകൾ അനുവദിക്കുന്നതിന് കെ ഇ ആർ നിർദേശിക്കുന്ന ചില മാനദണ്ഡങ്ങളുണ്ട്. വിദ്യാഭ്യാസസർവേയുടെ അടിസ്ഥാനത്തിൽ ഡി ഡി സി യുടെയും മററും ശുപാർശ അനുസരിച്ചാണ് വിദ്യാലയങ്ങൾ അനുവദിക്കേണ്ടത്. ആ ഉപാധിയെല്ലാം ഗവൺമെൻറ് കാററിൽ പറത്തിയിരിക്കുന്നു. സ്വന്തക്കാർക്കും വേണ്ടപ്പെട്ടവർക്കും മന്ത്രി വിദ്യാലയങ്ങൾ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ സ്വകാര്യസ്കൂളുകൾ അനുവദിക്കുന്നത് ഗവൺമെൻറ് സ്കൂളുകളുടെ തൊട്ടടുത്തായിരിക്കും. തന്നിമിത്തം ഗവൺമെൻറ്സ്കൂളുകൾ അടച്ചിടുകയോ അല്ലെങ്കിൽ ഡിവിഷനുകൾ ഗണ്യമായി വെട്ടിക്കുറക്കുകയോ ചെയ്യാൻ നിർബന്ധിതമായിത്തീർന്ന അനുഭവം ഉണ്ടായിട്ടുണ്ട്.

ഇങ്ങനെ സ്വകാര്യമേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്ന ഗവൺമെൻറ് ഇതേ പിന്തിരിപ്പൻനയം ഉന്നത വിദ്യാഭ്യാസരംഗത്തും നടപ്പാക്കിവരികയാണ്. സ്വകാര്യമേഖലയിൽ പുതിയ ഡിഗ്രി കോളേജുകൾ അനുവദിക്കുന്നു, പുതിയ മെഡിക്കൽ കോളേജാരംഭിക്കുന്നു. പുതിയ യൂണിവേഴ്സിററി സ്ഥാപിക്കുന്നു. വാസ്തവത്തിൽ ഇവിടെ പുതിയ മെഡിക്കൽകോളേജാരംഭിക്കുകയോ യൂണിവേഴ്സിററി തുടങ്ങുകയോ അല്ല ഇന്ന് ആവശ്യമായിട്ടുള്ളത്. പിന്നെയോ? മററു ചില കോഴ്സുകളാരംഭിക്കുകയാണ്. ഒരുദാഹരണം നോക്കാം. കേരളത്തിൽ ഏതാണ്ട് ഒൻപതിനായിരം ഡോക്ടർമാരുണ്ട്. അതായത് ജനസംഖ്യയിൽ 3000 പേർക്ക് അഥവാ 600 കുടുംബങ്ങൾക്ക് ഒരു എം ബി ബി എസ് ഡോക്ടർ. ആയുർവേദ ഡോക്ടർമാർ, ഹോമിയോ ഡോക്ടർമാർ തുടങ്ങിയവർ ഇതിനു പുറമെയാണ്. ഇവർ നമ്മുടെ ആവശ്യത്തിന് മതിയാകും. ജനസംഖ്യ ഓരോ വർഷവും ഏതാണ്ട് അഞ്ചുലക്ഷംവീതം കൂടുന്നു. ഓരോ വർഷവും നമ്മുടെ മെഡിക്കൽ കോളേജുകളിൽ നിന്ന് 600 പുതിയ ഡോക്ടർമാരെങ്കിലും പുറത്തു വരികയും ചെയ്യുന്നു. അതായത്

പുതുതായി 800-1000 കുട്ടികൾ ജനിക്കുമ്പോഴാം അവർക്കൊരു ഡോക്ടർകൂടിയുണ്ടാകുന്നു. ഇത് ആവശ്യത്തിലധികമാണ്. ഒരു ഡോക്ടർക്ക് സഹായത്തിനായി മൂന്നുനാലുപേരെങ്കിലും വേണം. അതായത് പാരാമെഡിക്കൽ സ്ററാഫായി ഏതാണ്ട് 40 000 പേർ വേണം. പ്രതിവർഷം 1500-2000 പേർ പരിശീലിപ്പിക്കപ്പെടുകയും വേണം. ഇതിൻെറ നാലിലൊന്നുപോലുമില്ല ഇന്ന്. അതുകൊണ്ട് ഇവിടെ ആവശ്യം പുതിയ മെഡിക്കൽ കോളേജാരംഭിക്കുകയല്ല. പാരാമെഡിക്കൽസ്ററാഫിനെ പരിശീലിപ്പിക്കുന്ന, സൃഷ്ടിക്കുന്ന സ്ഥാപനങ്ങളാണ്. നാം എഞ്ചിനീയർമാരെ ഓരോ വർഷവും ധാരാളം പുറത്തിറക്കുന്നുണ്ട്. അതേ അവസരത്തിൽ അവരെ സഹായിക്കുന്നതിനാവശ്യമായ ഡിപ്ളമോക്കാരെയോ ടെക്നീഷ്യൻമാരെയോ സൃഷ്ടിക്കാൻ മതിയായ സ്ഥാപനങ്ങൾ ആരംഭിക്കുന്നുമില്ല. ഇവരില്ലെങ്കിൽ എഞ്ചിനീയർമാർക്ക് ഒന്നും ചെയ്യാനാവുകയില്ല.

## വർഗസ്വഭാവം

അപ്പോൾ പിന്നെ എന്തിനാണ് പുതിയ പുതിയ സ്കൂളുകൾക്ക് അനുമതി നൽകുന്നത്? പുതിയ പുതിയ കോളേജുകൾക്ക് അംഗീകാരം നൽകുന്നത്? പുതിയ യൂണിവേഴ്സിററിയും മെഡിക്കൽ കോളേജുമാരംഭിക്കുന്നത്? അവിടെയാണ് കേരള ഗവൺമെൻറിൻെറ വർഗസ്വഭാവം നിഴലിച്ചു കാണാൻ കഴിയുന്നത്. എന്താണവരുടെ വർഗസ്വഭാവം? പൊതുമേഖലയെ തളർത്തുക; സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുക—അതാണതിൻെറ ഒരുവശം. മറെറാന്ന് വിദ്യാഭ്യാസത്തിൻെറ വരേണ്യാടിസ്ഥാനം വിപുലവും ശക്തവുമാക്കുക എന്നതും.

സ്വകാര്യ ഏജൻസികൾ വിദ്യാഭ്യാസ രംഗത്ത് കടന്നുവരുന്നതും സജീവമായി പ്രവർത്തിക്കുന്നതും സാമ്പത്തികമായ താൽപര്യത്തോടെയാണ്. സേവന തൽപരതയോടെ ഈ രംഗത്തേക്ക് കടന്നുവന്ന ചുരുക്കം ചില ഏജൻസികൾ ഇല്ലായിരുന്നു എന്ന് പറയുന്നില്ല. പക്ഷെ, അവയും ക്രമേണ പണം സമ്പാദിക്കുന്നതിനുള്ള ഒരു മാർഗമായി അതിനെ പരിവർത്തിപ്പിക്കുകയാണ് ചെയ്തത്. ഇന്ന് ഏററവും ആദായകരമായ ഒരു ബിസിനസ് ആയിത്തീർന്നിരിക്കുന്നു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തൽ. അധ്യാപകരെ നിയമിക്കുന്നതിന് കോഴ; വിദ്യാർഥികൾക്ക് പ്രവേശനം ലഭിക്കണമെങ്കിൽ കോഴ. അതൊന്നും ചുരുങ്ങിയ സംഖ്യകളുമല്ല. ഗവൺമെൻറ് ധനസഹായം നൽകാത്ത അംഗീകൃതസ്കൂളുകളാണെങ്കിൽ തികച്ചും പകൽക്കൊള്ള തന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അംഗീകൃത സ്കൂളുകളിലെ ഫീസിന് ഏകീകരണവുമില്ല. ഓരോ സ്കൂളിലെ

യും ഫീസ് നിരക്ക് ഓരോതരത്തിലാണ്; മാനേജ്മെൻറ് ഏകപക്ഷീയമായി നിശ്ചയിക്കുന്നതെന്തോ അതാണ് ഫീസ്. അധ്യാപകരെ നിയമിക്കുന്നത് കോഴവാങ്ങിയാണ്. അവർക്കാണെങ്കിൻ വേണ്ടത്ര യോഗ്യത ഉണ്ടായിരിക്കണമെന്നില്ല. അഭ്യസ്ത വിദ്യർക്കിടയിലെ തൊഴിലില്ലായ്മയിൽനിന്നു മുതലെടുത്ത് നക്കാപ്പിച്ചക്കായിരിക്കും പലപ്പോഴും അധ്യാപകർ നിയമിക്കപ്പെടുന്നത്. കോളേജുകളിലെയും മററും സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ല. അധ്യാപക നിയമനത്തിന് കോഴ വാങ്ങുന്നത്;കഴിവും താൽപര്യവുമുള്ളവർ അധ്യാപനരംഗത്തേക്ക് കടന്നുവരുന്നതിന് പ്രതിബന്ധമായിത്തീരുന്നു. തദ്വാരാ വിദ്യാഭ്യാസനിലവാരം ചുരുങ്ങുന്നതിന് വഴി വെക്കുന്നു.

ഈ സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, വിശേഷിച്ച് അംഗീകൃത സ്കൂളുകളിൽ സാധാരണക്കാരുടെ മക്കൾക്ക് കടന്നു ചെല്ലാൻ പ്രയാസമാണ്. കോഴയും ഭാരിച്ച ഫീസുതന്നെ കാരണം. അതുകൊടുത്ത് അവർക്ക് അവിടെ ചേർന്ന് പഠിക്കാൻ കഴിയില്ല. അതുകൊണ്ട് പണക്കാർക്ക് മാത്രമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളായി അവ നിലനിൽക്കും. അവയിൽ പലതിലൂടെയും നമ്മുടെ വിദ്യാർഥികൾക്ക് പകർന്നു നൽകുന്നത് ഒരു പുതിയ സംസ്കാരമാണ്; ഒരു പുതിയ ബൂർഷ്വാമൂല്യബോധമാണ്. ഒരു ഉദ്ദേശ്യത്തോടെ തന്നെയാണ് അവക്ക് പ്രോത്സാഹനം നൽകാൻ കേരളത്തിലെ ഗവൺമെൻറ് തയ്യാറാകുന്നതും. ഇത്കഴിഞ്ഞ കാൽനൂററാണ്ടിന് മുമ്പ് ഇവിടെയാരംഭിച്ച ഒരു പ്രക്രിയയിൽ നിന്നുള്ള പുറകോട്ടു പോക്കാണ്—പിന്തിരിപ്പത്തത്തിലേക്കുള്ള തിരിച്ചുപോക്ക്.

## വിദ്യാഭ്യാസമന്ത്രിയുടെ തലതിരിഞ്ഞ നടപടികൾ

ഇത്തവണ എസ് എസ് എൽ സി പരീക്ഷ എഴുതിയ 495 855 വിദ്യാർഥികളിൽ 176 810 പേർ വിജയിച്ചു. 319 045 പേർ പരാജയപ്പെട്ടു. അതായത്, പരീക്ഷ എഴുതിയ വിദ്യാർഥികളിൽ 35.66% വിദ്യാർഥികൾമാത്രം വിജയിച്ചുവെന്നർഥം. ഇത് ഇക്കൊല്ലത്തെ ഒരു സവിശേഷപ്രതിഭാസമല്ല. എല്ലാ കൊല്ലവും ഏറെക്കുറെ ഇത്രയൊക്കെ ശതമാനം വിദ്യാർഥികൾ മാത്രമേ എസ് എസ് എൽ സി പരീക്ഷയെന്ന കടമ്പ കടക്കാറുള്ളു. ഇവിടെ ഒരുകാര്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. യഥാർഥത്തിൽ ജയിച്ച കുട്ടികൾ ഇത്രയോ ഇതിനോടടുത്തുപോലുമോ വരുന്നില്ല. മോഡറേഷൻ എന്ന ഔദാര്യം കൊണ്ടത്രെ ഇത്രയും വിദ്യാർഥികൾ ജയിച്ചവരുടെ പട്ടികയിൽ കടന്നുകൂടിയത്. അതില്ലായിരുന്നെങ്കിൽ വിജയശതമാനം രണ്ടക്കമുള്ള സംഖ്യയിൽ എത്തുമായിരുന്നില്ല.

ഇങ്ങനെ വൻതോതിൽ വിദ്യാർഥികൾ പരാജയത്തിൻെറ അഗാധ ഗർത്തത്തിലേക്ക് വഴുതിവീഴുന്നത് (വാസ്തവത്തിൽ വീഴ്ത്തപ്പെടുന്നത്) എസ് എസ് എൽ സി പരീക്ഷയിൽ മാത്രമല്ല; പ്രീഡിഗ്രി പരീക്ഷയിൽ കാണാൻ കഴിയുന്നതും ഇതേ പ്രതിഭാസംതന്നെ. അതിലും പരീക്ഷയെഴുതുന്ന വിദ്യാർഥികളിൽ പകുതിപോലും പാസാകാറില്ല. അടുത്തുതന്നെ പ്രസിദ്ധീകരിക്കപ്പെടാനിടയുള്ള പ്രീഡിഗ്രി പരീക്ഷാഫലം ഇതിനുമുമ്പത്തെ പ്രവണതക്ക് ഒരു അപവാദമായിരിക്കുമെന്നു കരുതാൻ ന്യായമില്ല. എന്തുകൊണ്ടാണ് ഇത്രയും വിദ്യാർഥികൾ പരീക്ഷയിൽ തോൽക്കുന്നത്? വിജയശതമാനം ഉയർത്താൻ കഴിയാത്തതെന്തുകൊണ്ടാണ്? ഈ ചോദ്യങ്ങൾക്കുത്തരം കാണാൻ വിദ്യാഭ്യാസചിന്തകൻമാരും ഭരണാധികാരികളും ശ്രമിക്കുക സ്വാഭാവികം. അതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസമന്ത്രി ടി എം ജേക്കബ് ഈ ദിശയിലുള്ള ഒരു നീക്കം നടത്തിയതിൽ അദ്ദേഹത്തെ കുററപ്പെടുത്താനാവില്ല. പക്ഷെ, അദ്ദേഹം കണ്ടുപിടിച്ച കാരണങ്ങളും മുമ്പോട്ടുവെക്കുന്ന നിർദേശങ്ങളും അങ്ങേയററം പിന്തിരിപ്പനും വിജയശതമാനം ഉയർത്താൻ ഒരുതരത്തിലും സഹായിക്കാത്തതുമാകുന്നു.

ജേക്കബ് മന്ത്രിയായി അധികം കഴിയുന്നതിനുമുമ്പ് മുമ്പോട്ടുവെച്ച നിർദേശങ്ങളിലൊന്നാണ് 'ഓൾ പ്രമോഷൻ' നിർത്തലാക്കൽ. താഴ്ന്ന ക്ലാസുകളിൽനിന്ന് വിവരമോ നിലവാരമോ ഇല്ലാത്ത വിദ്യാർഥികൾ ഇടയ്ക്കുവെച്ച് യാതൊരു പരിശോധനയുമില്ലാതെ കയറിക്കയറി മുകളിലോട്ട് വരുന്നതാണ് എസ് എസ് എൽ സി പരീക്ഷയിലും പ്രീഡിഗ്രി പരീക്ഷയിലും വൻതോതിൽ വിദ്യാർഥികൾ പരാജയപ്പെടുന്നതിനു കാരണമെന്നും അതുകൊണ്ട് താഴെ ക്ലാസുകളിൽവെച്ച് നിലവാരമുള്ള വിദ്യാർഥികളെ മാത്രം മുകളിലോട്ട് കയററിവിട്ടാൽ വിജയശതമാനം വർധിപ്പിക്കാൻ കഴിയുമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതായത്, പത്താംക്ലാസ് വരെയുള്ള ഓരോ ക്ളാസിലുംവെച്ച് വിദ്യാർഥികളെ അരിച്ചരിച്ചെടുത്ത് നിലവാരമുള്ള കുട്ടികളെ മാത്രം പത്താംക്ളാസിലെത്തിച്ചാൽ വിജയശതമാനം ഉയർത്താൻ കഴിയുമെന്നത്രെ മന്ത്രി പറഞ്ഞതിൻെറ സാരം. ആ നിർദേശം നടപ്പാക്കിയാൽ, ഒരുപക്ഷെ, വിജയശതമാനം ഉയർന്നെന്നിരിക്കും. പക്ഷെ, അതിനുവേണ്ടി എത്രയെത്ര വിദ്യാർഥികൾക്കാണ് തങ്ങളുടെ വിദ്യാഭ്യാസജീവിതം ബലികൊടുക്കേണ്ടിവരിക! താഴ്ന്ന ക്ളാസുകളിൽ വിദ്യാർഥികളെ ബോധപൂർവം തോൽപിച്ച് തോററവർക്ക് വീണ്ടും പരീക്ഷ നടത്തി അതിൽ ഉയർന്ന മാർക്ക് ലഭിക്കുന്നവർക്ക് ക്ളാസുകയററം നൽകുകയെന്ന പദ്ധതി നടപ്പാക്കിയാലും സംഭവിക്കാൻപോകുന്നത് മറെറാന്നല്ല. ഒരു ന്യൂനപക്ഷം വരുന്ന വിദ്യാർഥികൾക്കുവേണ്ടി ലക്ഷക്കണക്കിന് വിദ്യാർഥികളെ കുരുതികൊടുക്കുന്ന ഈ സമ്പ്രദായം അങ്ങേയററം പിന്തിരിപ്പനും

അശാസ്ത്രീയവുമാണ്. അപ്പോഠംപിന്നെ പരാജയശതമാനം കുറക്കാനും വിദ്യാഭ്യാസനിലവാരമുയർത്താനും മററെന്തെങ്കിലും പോം വഴിയുണ്ടോ? വിദ്യാഭ്യാസനിലവാരമുയരണമെന്നും പരമാവധി വിദ്യാർഥികഠംക്ക് സെക്കൻററി വിദ്യാഭ്യാസം ലഭിക്കണമെന്നും ആഗ്രഹിക്കുന്നവരുടെ ചിന്ത തിരിയേണ്ടത് ഈ വഴിക്കാണ്.

നമ്മുടെ സമൂഹത്തിൽ പിറന്നുവീഴുന്ന കുട്ടികളിൽ മൂന്നിൽ രണ്ടു ഭാഗവും ശരാശരി ബുദ്ധിശക്തിയുള്ളവരാണ്. അവശേഷിച്ച മൂന്നിലൊന്നിൻെറ പകുതി ശരാശരിയിലും കുറവും മറേറ പകുതി ശരാശരിയിൽ അധികവും ബുദ്ധിശക്തിയുള്ളവരാണ്. ഇതിൽ ശരാശരിയിൽ കുറഞ്ഞ ബുദ്ധിശക്തിയുള്ളവരിൽപെടുന്നതാണ് അന്ധർ, മൂകർ, ബധിരർ തുടങ്ങിയവർ. അവർക്കുവേണ്ടിയുള്ള പ്രത്യേകതരം വിദ്യാലയങ്ങഠം നമ്മുടെ രാജ്യത്തുണ്ട്. എന്നാൽ, നമ്മുടെ പൊതുവിദ്യാലയങ്ങളിലേക്ക് കടന്നുവരുന്നത് ശരാശരിയും അതിൽ കൂടുതലും ബുദ്ധിശക്തിയുള്ളവരാണ്. അവർക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ഇപ്പോഴത്തെ കരിക്കുലവും സിലബസും. അതുകൊണ്ട്, സാധാരണനിലയിൽ, ഓരോ ക്ളാസിലും പഠിക്കേണ്ട വിഷയങ്ങഠം മുഴുവൻ പഠിച്ച്, ആർജിക്കേണ്ട വിജ്ഞാനം മുഴുവൻ ആർജിച്ച്, എല്ലാ വിദ്യാർഥികളും പാസായി ഉയർന്ന ക്ളാസുവരെ എത്തിച്ചേരേണ്ടതാണ്. അഥവാ വളരെക്കുറച്ചുപേർക്ക് അതിന് കഴിയുന്നില്ലെങ്കിൽ അവർക്ക് പ്രത്യേകമായി 'കോച്ചിങ്ങ്' നൽകിയാൽ മററുള്ളവരോടൊപ്പമെത്തിക്കാൻ കഴിയും. അങ്ങനെയാവുമ്പോഠം പരീക്ഷകളിലെ കൂട്ടക്കൊല അവസാനിക്കും.

എന്നാൽ ഇതിന് വിപരീതമായി പരീക്ഷകളിൽ കൂടുതൽ വിദ്യാർഥികഠം തോൽക്കുന്നുണ്ടെങ്കിൽ അതിന് മൂന്ന് കാരണങ്ങഠം മാത്രമേ ഉണ്ടാവാൻ വഴിയുള്ളൂ. ഒന്ന്: ഇപ്പോഴത്തെ സിലബസിൻെറ നിലവാരം വിദ്യാർഥികഠംക്ക് ഉഠംക്കൊള്ളാനാവാത്തവിധം ഉയർന്നതാണ്. രണ്ട്, നിലവിലുള്ള സിലബസിനനുസരിച്ച് വിദ്യാർഥികഠംക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളില്ല. മൂന്ന്, വിദ്യാർഥികളെ പരീക്ഷിക്കുന്ന രീതി തെററാണ്.

ഇതിൽ അവസാനം പറഞ്ഞത് എല്ലാ വിദ്യാഭ്യാസവിചക്ഷണൻമാരും അംഗീകരിക്കുന്ന ഒരു യാഥാർഥ്യമാണ്. നമ്മുടെ ഇന്നത്തെ പരീക്ഷാരീതി വിദ്യാർഥികളുടെ അറിവിനെ അളക്കാൻ പര്യാപ്തമല്ലെന്നും അത് അശാസ്ത്രീയമാണെന്നും പറയാത്തവരില്ല. അതുകൊണ്ട് അത് പരിഷ്കരിക്കണം എന്ന് തീർച്ചയാണ്. എന്നാൽ അങ്ങനെ ചെയ്യുന്നതുകൊണ്ടുമാത്രം വിദ്യാഭ്യാസനിലവാരമുയരുമോ? ഇല്ല, പരീക്ഷാസമ്പ്രദായത്തിൻെറ അശാസ്ത്രീയത മാത്രമായിരുന്നു നിലവാരത്തകർച്ചക്ക് കാരണമെങ്കിൽ അത് ശാസ്ത്രീയമായി പരി

ഷ്കരിക്കുന്നതോടെ വിദ്യാഭ്യാസനിലവാരമുയരേണ്ടതാണ്. പക്ഷെ, ഇവിടെ അത് സംഭവിക്കില്ല. എന്തുകൊണ്ടെന്നാൽ ഇവിടെ നിലവാരത്തകർച്ചക്കും പരീക്ഷകളിൽ കൂടുതൽ കൂടുതൽ വിദ്യാർഥികൾ തോൽക്കുന്നതിനും പ്രധാന കാരണം നിലവിലുള്ള സിലബസ് അനുസരിച്ച് വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഭൗതികസാഹചര്യമില്ലാത്തതാണ്.

ആദ്യംതന്നെ വിദ്യാലയങ്ങളിലേക്ക് കടന്നു ചെല്ലുന്ന വിദ്യാർഥികൾക്ക് എന്താണ് കാണാൻ കഴിയുന്നത്? ചോർന്നൊലിക്കുന്ന കെട്ടിടങ്ങൾ. ജൂൺ നാലാം തിയതിക്ക് മുമ്പ് സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തി ഫിററ്നസ് സർട്ടിഫിക്കററ് വാങ്ങിയിരിക്കണമെന്ന് മുഴുവൻ ഹൈസ്കൂൾ ഹെഡ്മാസ്ററർമാർക്കും വിദ്യാഭ്യാസമന്ത്രി ഉത്തരവു നൽകി. ആ ഉത്തരവ് നടപ്പാക്കപ്പെട്ടിട്ടില്ല എന്നത് അവിടെ നിൽക്കട്ടെ: അത് നൽകിയതുതന്നെ ആത്മാർഥതയോടെയായിരുന്നോ? അല്ല. തെളിവ് ജൂൺ നാലിന് ഒരാഴ്ച മുമ്പു മാത്രമാണ് അത് നൽകിയത് എന്നതുതന്നെ. അങ്ങനെ തികച്ചും സുരക്ഷിതത്വമില്ലാത്ത സ്കൂളുകളിലാണ് നമ്മുടെ വിദ്യാർഥികൾക്ക് പഠിക്കേണ്ടിവരുന്നത്. സ്കൂളുകളിൽ ഇരിക്കാൻ ബഞ്ചോ എഴുതാൻ ഡസ്കോ ഇല്ല. ബ്ളാക്ക് ബോർഡുകൾ ആവശ്യത്തിനുള്ള എത്ര സ്കൂളുകളുണ്ട് നമ്മുടെ സംസ്ഥാനത്ത്? ബോർഡുകളുള്ള സ്കൂളുകളിൽത്തന്നെ എഴുതാൻ ചോക്കുണ്ടോ? എത്ര സ്കൂളുകളിൽ ലൈബ്രറികളും ലബോറട്ടറികളുമുണ്ട്?

തീർന്നില്ല. അധ്യാപക-വിദ്യാർഥി അനുപാതം 1:30 ആയിരിക്കണമെന്നത് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ട ഒരു തത്വം. എൻ സി ഇ ആർ ടി നിർദേശിച്ചിട്ടുള്ളതും അതാണ്. എന്നാൽ നമ്മുടെ സ്കൂളുകളിൽ ഇതാണോ അവസ്ഥ? ഇതിൻെറ ഇരട്ടി കുട്ടികൾ നമ്മുടെ പല ക്ലാസുകളിലും പഠിക്കുന്നില്ലേ? അങ്ങനെയാവുമ്പോൾ എങ്ങനെയാണ് അധ്യാപകർക്ക് ഓരോ കുട്ടിയുടെയും കാര്യത്തിൽ പ്രത്യേകം പ്രത്യേകം ശ്രദ്ധ പതിപ്പിക്കാൻ കഴിയുക! പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ പ്രത്യേകമായി സഹായിക്കാൻ കഴിയുക?

ഇനി പഠിപ്പിക്കാൻ വേണ്ടത്ര അധ്യാപകരില്ലെന്ന മറെറാരു ദുഃഖസത്യമുണ്ട്. നമ്മുടെ വിദ്യാഭ്യാസമന്ത്രിതന്നെ പറയുന്നത് 400 സ്കൂളുകളിൽ ഹെഡ്മാസ്ററർമാരില്ലെന്നാണ്. 6000 അധ്യാപകരുടെ ഒഴിവുണ്ടെന്നും മന്ത്രി സമ്മതിക്കുന്നു. വേണ്ടത്ര അധ്യാപകരില്ലാതെ വിദ്യാർഥികളെ പഠിപ്പിക്കുന്നതെങ്ങനെ? പഠിപ്പിക്കാതെ വിദ്യാഭ്യാസനിലവാരമുയരുന്നതെങ്ങനെ?

സമയത്തിന് പുസ്തകങ്ങൾ കിട്ടാത്ത സ്ഥിതിയുമുണ്ട്. സ്കൂളുകൾ തുറക്കുന്നതിനു മുമ്പുതന്നെ കുട്ടികൾ നോട്ടുപുസ്തക

ങ്ങരം വാങ്ങിയിരിക്കും. വില കുറഞ്ഞ പുസ്തകങ്ങരം എന്നു കിട്ടും എന്ന് നിശ്ചയമില്ലാതിരിക്കുമ്പോരം കൂടിയ വില കൊടുത്ത് പുസ്തകം വാങ്ങുകതന്നെ. പരിഷ്കരിച്ച പുസ്തകങ്ങരം യഥാസമയം കിട്ടില്ലെന്നതുമാണ് ഇപ്പോഴത്തെ അവസ്ഥ.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസനിലവാരം ഉയർത്തണമെന്ന ആത്മാർഥമായ ആഗ്രഹം വിദ്യാഭ്യാസ മന്ത്രിക്കുണ്ടെങ്കിൽ, പഠിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളൊരുക്കാൻ വേണ്ട നടപടികളാണ് അടിയന്തരമായും സ്വീകരിക്കേണ്ടത്. അല്ലാതെ നെടുനെടുങ്കൻ പ്രസ്താവനകളിറക്കുകയോ പിന്തിരിപ്പൻ പരിഷ്കരണങ്ങരംക്ക് പിറകേ പോവുകയോ അല്ല. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ 'മാതൃകാ അധ്യയനവർഷ'മെന്ന സ്വപ്നം സാക്ഷാൽകരിക്കാൻ മന്ത്രിക്ക് കഴിയില്ല.

## വണ്ടിക്കുപിന്നിൽ കുതിരയെ കെട്ടുന്ന നയം

നടപ്പു വിദ്യാഭ്യാസ വർഷം തികച്ചും ശാന്തമായിരിക്കട്ടെ എന്ന് അതിൻെറ തുടക്കത്തിൽ സംസ്ഥാന വിദ്യാഭ്യാസമന്ത്രി പ്രത്യാശ പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ പ്രത്യാശ പ്രകടിപ്പിക്കുമ്പോരം അതിനനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനുള്ള ബാധ്യത അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം അത് ചെയ്യുന്നതിനു പകരം വിദ്യാഭ്യാസമേഖലയിൽ കുഴപ്പത്തിൻെറ വിത്ത് വിതക്കുകയാണ് ചെയ്തത്. ഫലമോ? ആ മേഖല അഭൂതപൂർവമാം വിധം പ്രക്ഷുബ്ധമായിത്തീരാൻ പോവുകയാണ്. സമരത്തിൻെറ കേളികൊട്ട് ഉയർന്നു കഴിഞ്ഞു. ജൂൺ 20–ാം തിയതി പഠിപ്പുമുടക്കിന് എസ് എഫ് ഐ ആഹ്വാനം നൽകിയിട്ടുണ്ട്. മററ് മിക്ക വിദ്യാർഥിസംഘടനകളും പ്രക്ഷോഭത്തിൻെറ ഭാഷയിൽ സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. അധ്യാപകരും ശക്തമായ ഒരു പ്രക്ഷോഭത്തിന് ഒരുക്കുകൂട്ടിക്കൊണ്ടിരിക്കുകയാണ്.

### എന്തുകൊണ്ട്?

എന്താണ് വിദ്യാർഥി സംഘടനകളും അധ്യാപക സംഘടനകളും ഇത്രയധികം പ്രകോപിതമായിത്തീരാൻ കാരണം? വിദ്യാഭ്യാസമന്ത്രിയുടെ ചില പുത്തൻ പരിഷ്കാരങ്ങളും നടപടികളും തന്നെ. വിദ്യാർഥി സംഘടനകരംക്കാണെങ്കിൽ അവ നേരത്തെ ഉന്നയിച്ചുപോന്ന ചില ആവശ്യങ്ങരം ഗവൺമെൻറ് അംഗീകരിക്കാത്തതിലുള്ള അസംതൃപ്തിയുമുണ്ട്. ഇതെല്ലാം ചേർന്ന് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ അത്യന്തം സ്ഫോടകാത്മകമായ സ്ഥിതി സംജാതമായിരിക്കുന്നു.

വിദ്യാഭ്യാസമേഖല വളരെയധികം അവധാനതയോടെയും അങ്ങേയററത്തെ സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യേണ്ട ഒന്നത്രെ. ആ മേഖലയിൽ വരുത്തുന്ന ഏത് പരിഷ്കാരവും ദൂരവ്യാപമായ ഫലമുളവാക്കുന്നതാണെന്നതിൽ സംശയമില്ല. യുവതലമുറയുടെ ഭാവിയെ സാരമായി ബാധിക്കും എന്നതാണ് അതിൻെറ അടിസ്ഥാനം. അതുകൊണ്ട് ആ മേഖലയിൽ എത്ര ചെറിയ പരിഷ്കാരം ഏർപ്പെടുത്തുമ്പോഴും അധ്യാപകരെയും വിദ്യാർത്ഥികളെയും വിദ്യാഭ്യാസ ചിന്തകരെയും വിദ്യാഭ്യാസ പ്രേമികളെയും കണക്കിലെടുക്കാനും അവരുടെകൂടി അഭിപ്രായം ആരായാനും വിദ്യാഭ്യാസമന്ത്രി തയ്യാറാകേണ്ടതാണ്. അവരിൽ ചിലർ വിദ്യാഭ്യാസ മന്ത്രിയുടെ നീക്കങ്ങളോട് യോജിച്ചില്ലെന്നു വരും. അതിനെ രൂക്ഷമായി എതിർത്തെന്നിരിക്കും. എന്നിരുന്നാലും അവരുമായി ആലോചിക്കാനും അവരുടെ വീക്ഷണഗതികളെന്തെന്ന് മനസ്സിലാക്കാനുള്ള ബാധ്യത വിദ്യാഭ്യാസ മന്ത്രിക്കുണ്ട്.

ആ ബാധ്യതയാണ്, പക്ഷെ, കേരളത്തിലെ വിദ്യാഭ്യാസമന്ത്രി നിറവേററാത്തത്. എന്നല്ല, അങ്ങനെയൊരു ബാധ്യതയുണ്ടെന്നുപോലും അദ്ദേഹം കരുതുന്നില്ല. തനിക്ക് ഇഷ്ടംപോലെ വിദ്യാഭ്യാസ മേഖലയിൽ ഒന്നിന് പിറകെ മറെറാന്നായി പരിഷ്കാരങ്ങാം കൊണ്ടുവരികയാണ് വിദ്യാഭ്യാസ മന്ത്രി ചെയ്യുന്നത്. ആ മേഖലയെ എടുത്ത് വിദ്യാഭ്യാസമന്ത്രി അമ്മാനമാടുകയാണെന്നു പറഞ്ഞാൽ അതിൽപോലും തെല്ലും അതിശയോക്തിയില്ല. ഒരു അധ്യാപകനേതാവ് പറഞ്ഞതുപോലെ, കരിമ്പിൻ തോട്ടത്തിൽ കയറിയ ആനയെപ്പോലെയാണ് അദ്ദേഹം പെരുമാറുന്നത്. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് തനിക്ക് എല്ലാം അറിയാം. തന്നേക്കാം കൂടുതൽ അറിയുന്ന മററാരുമില്ല—ഇങ്ങനെയൊരു അഹന്ത അദ്ദേഹത്തിനുള്ളതായി തോന്നുന്നു. അദ്ദേഹം പ്രഖ്യാപിച്ച ഓരോ പരിഷ്കാരവും അതാണ് വിളിച്ചു പറയുന്നത്.

## പുതിയ പ്രമോഷൻസമ്പ്രദായം

മന്ത്രി ജേക്കബിൻെറ അഹന്തക്ക് ഏററവും നല്ല ഉദാഹരണമാണ് അദ്ദേഹം പ്രഖ്യാപിച്ച പുതിയ പ്രമോഷൻസമ്പ്രദായം. അത് വിദ്യാഭ്യാസത്തിൻെറ നിലവാരമുയർത്താൻ ഒട്ടും സഹായകമല്ല. വിദ്യാർത്ഥികളെ അങ്ങേയററം ദ്രോഹിക്കുന്നതുമാണ്. സാർവത്രികമായ എതിർപ്പിന് വിധേയമായ 'ഓാംപ്രമോഷൻ നിർത്തലാക്കൽ' മറെറാരു രീതിയിൽ നടപ്പാക്കാനുള്ള ശ്രമമാണ് ഇതിലൂടെ അദ്ദേഹം നടത്തിയിരിക്കുന്നത്. ഇതാവട്ടെ, അദ്ദേഹം പ്രതിനിധാനം ചെയ്യുന്നതെന്ന് പരക്കെ പ്രസിദ്ധമായ വിദ്യാഭ്യാസക്കച്ചവടക്കാർക്ക് വളരെയധികം സഹായം ചെയ്യുന്നതാണുതാനും.

എന്താണ് പുതിയ പ്രമോഷൻസമ്പ്രദായത്തിൻെറ കാതൽ? വർഷാന്തപരീക്ഷയിൽ തോൽക്കുന്ന വിദ്യാർഥികൾക്ക് വീണ്ടും പരീക്ഷ നടത്തുക, അതിൽ പാസാകുന്ന വിദ്യാർഥികളെയും പ്രമോട്ടു ചെയ്യുക. പ്രത്യക്ഷത്തിൽ ഇത് നല്ലതല്ലേ എന്ന് തോന്നാം. തോൽക്കുന്ന വിദ്യാർഥികൾക്കു കൂടി തങ്ങളുടെ നിലവാരമുയർത്തി പ്രമോഷൻ ലഭിക്കാനുള്ള അവസരമല്ലേ കിട്ടുന്നത്? ഫലത്തിൽ സംഭവിക്കാൻ പോകുന്നത് അതല്ല: അപകടകരമായ ചില പ്രവണതകൾ പ്രത്യക്ഷപ്പെടുകയാണ്.

വർഷാന്തപരീക്ഷയിൽ പാസാകണമെങ്കിൽ വിദ്യാർഥികൾക്ക് 20 ശതമാനം മാർക്കെങ്കിലും ലഭിച്ചിരിക്കണം. അത് ലഭിക്കാത്തവരാണ് വീണ്ടും പരീക്ഷയെഴുതേണ്ടത്. അങ്ങനെ പരീക്ഷയെഴുതിയാൽ അതിൽ 75 ശതമാനം മാർക്ക് ലഭിക്കുന്നവർക്ക് പ്രമോഷൻ ലഭിക്കും. വർഷാന്ത പരീക്ഷയിൽ 20 ശതമാനം പോലും മാർക്ക് ലഭിക്കാത്തവർക്ക് പിന്നീട് രണ്ടുമാസത്തിനിടയിൽ നടക്കുന്ന പരീക്ഷയിൽ 75 ശതമാനം മാർക്ക് ലഭിക്കുന്നതെങ്ങനെ? രണ്ടാമത് പരീക്ഷ നടത്തുന്നതിനു മുമ്പ് അതിന് വിദ്യാർഥികളെ തയ്യാറെടുപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്നും അവശ്യം പഠിച്ചിരിക്കേണ്ട കാര്യങ്ങൾ മാത്രമായിരിക്കും പരീക്ഷക്കു ചോദിക്കുകയെന്നും വാദിച്ചേക്കാം. അതൊന്നും ഇത്തവണ നടന്നിട്ടില്ലെന്നതവിടെ നിൽക്കട്ടെ. ആ വാദം ശരിയാവുകയാണെങ്കിൽപോലും വർഷാന്ത പരീക്ഷയിൽ തോററ വിദ്യാർഥികൾ 75 ശതമാനം മാർക്ക് വാങ്ങി പാസാവുക പ്രയാസകരമാണ്. അതുകൊണ്ട് ഫലത്തിൽ സംഭവിക്കാൻ പോകുന്നത്, കൂടുതൽ വിദ്യാർഥികൾ തോൽക്കുകയെന്നതാവുന്നു. അതായത്, ഓൾ പ്രമോഷൻ നിർത്തലാക്കൽ കൊണ്ട് എന്താണോ വിദ്യാഭ്യാസമന്ത്രി ആഗ്രഹിച്ചത്, അത് പുതിയ രൂപത്തിൽ സഫലമാകാൻ പോകുന്നു: ഒരുവേള കുറേക്കൂടി വ്യാപകമായ നിലയിൽ.

## പ്രത്യാഘാതം

ഇതിൻെറ പ്രത്യാഘാതം ഗുരുതരമാണ്. ഒന്നാമതായി, പട്ടികജാതി-പട്ടികവർഗത്തിൽ പെട്ടവർ വിദ്യാഭ്യാസകാര്യത്തിൽ കൂറേക്കൂടി പിൻതള്ളപ്പെടും. എന്തുകൊണ്ടെന്നാൽ, പഠിക്കാനുള്ള സാഹചര്യങ്ങളോ സൗകര്യങ്ങളോ ഗാർഹികാന്തരീക്ഷമോ ഇല്ലാത്തതുമൂലം തോൽക്കുന്ന വിദ്യാർഥികളിൽ അധികവും ഈ വിഭാഗത്തിൽ പെട്ടതായിരിക്കും. ഒരിക്കൽ പരീക്ഷയിൽ തോററു കഴിഞ്ഞാൽ പിന്നെ അവർ വീണ്ടും പഠനം തുടരുമെന്ന് കരുതാൻ ന്യായമില്ല. രണ്ടാമതായി, സ്ത്രീ വിദ്യാഭ്യാസനിരക്ക് കുറയും. പരീക്ഷയിൽ തോററുകഴിഞ്ഞാൽ വീണ്ടും പഠിച്ച ക്ലാസിൽത്തന്നെ പഠിക്കാൻ ആൺകുട്ടികളെയ

പേക്ഷിച്ച് പെൺകുട്ടികൾക്ക് താൽപര്യം കുറയും. പഠിക്കാൻ മോശമാണ്, പിന്നെയെന്തിന് സ്കൂളിലേക്കയക്കണം, സമയമാകുമ്പോൾ വിവാഹം കഴിച്ചയക്കുകയായിരിക്കും നല്ലത്—ഇങ്ങനെയൊരു നിഗമനത്തിൽ രക്ഷാകർത്താക്കളെത്തിച്ചേരും. തന്നിമിത്തം സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനം അക്കാര്യത്തിൽ പിൻപന്തിയിലേക്ക് തള്ളപ്പെടും. മൂന്നാമതായി, ഓരോ ക്ലാസിൽ നിന്നും കൂടുതൽ കൂടുതൽ വിദ്യാർഥികൾ തോൽക്കുന്നത് നിമിത്തം കൊഴിഞ്ഞുപോക്ക് നിരക്ക് വർധിക്കും. അതിന്റെ ഫലമായി കൊഴിഞ്ഞുപോക്ക് നിരക്ക് ഏററവും കുറഞ്ഞ സംസ്ഥാനമെന്ന പദവി നമുക്ക് നഷ്ടപ്പെട്ടേക്കാം, നാലാമതായി, വിദ്യാഭ്യാസത്തിന്റെ വരേണ്യാടിസ്ഥാനം വർധിക്കും. പണമുള്ള രക്ഷകർത്താക്കൾ കുട്ടികൾക്ക് ട്യൂഷൻ ഏർപ്പെടുത്തിയും മററും പരീക്ഷയിൽ കടന്നു കൂടുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു കൊടുക്കും. പണമില്ലാത്തവരുടെ കുട്ടികൾ പുറന്തള്ളപ്പെടും. അഞ്ചാമതായി, ഇത് വിദ്യാഭ്യാസരംഗത്തെ അഴിമതി വർധിപ്പിക്കും. സ്വകാര്യമാനേജർമാർക്ക് ഇഷ്ടം പോലെ കുട്ടികളെ തോൽപിച്ച് ഡിവിഷനുകൾ കൂട്ടാനോ കുറക്കാനോ കഴിയും. അധ്യാപകനിയമനത്തിനുള്ള കോഴയുടെ നിരക്ക് വർധിപ്പിക്കാൻ ഇതവർക്ക് സഹായകമാവും. അധ്യാപകരിൽ നിന്ന് വല്ല കുടിശ്ശികയും പിരിഞ്ഞുകിട്ടാനുണ്ടെങ്കിൽ അത് പിരിച്ചെടുക്കാനുള്ള ഒരു ആയുധമായും അവർക്ക് ഇതിനെ ഉപയോഗിക്കാൻ സാധിക്കും. മാത്രമല്ല, ഡിവിഷൻ നഷ്ടപ്പെടുത്തി സ്കൂളിൽ നിന്ന് പിരിഞ്ഞുപോകേണ്ട അവസ്ഥയുണ്ടാക്കുമെന്ന ഭീഷണി മുഴക്കി (അങ്ങനെ പിരിഞ്ഞു പോകേണ്ടി വന്നാൽ ഗവൺമെൻറ് സംരക്ഷണം നൽകുമെന്നത് ശരിയാണ്. എങ്കിലും ചിലപ്പോൾ നാട്ടിൽനിന്ന് എത്രയോ അകലെ ജോലി ചെയ്യേണ്ടിവരും) അധ്യാപകരിൽ നിന്ന് പണം പിടുങ്ങാനുള്ള അവസരവും ഇത് മാനേജർമാർക്കുണ്ടാക്കിക്കൊടുക്കും. ഇതിനെല്ലാമുപരിയായി ഡിവിഷൻ നഷ്ടപ്പെടുത്തി തങ്ങൾക്കിഷ്ടമില്ലാത്ത അധ്യാപകരെ സ്കൂളിൻ നിന്ന് പറഞ്ഞയക്കാനും ചില മാനേജർമാർ ഇതിനെ ഉപയോഗിച്ചുകൂടായ്മയില്ല. കുട്ടികളെ ജയിപ്പിക്കാനും തോൽപിക്കാനും തങ്ങൾക്കധികാരമുള്ളതുകൊണ്ട് അധ്യാപകരിൽ അഴിമതിമനോഭാവം വളർത്തിയെടുക്കാനും പുതിയ പദ്ധതി സഹായിച്ചേക്കും.

ഇങ്ങനെ നോക്കുമ്പോൾ അങ്ങേയററം അപകടകരവും പിന്തിരിപ്പൻ സ്വഭാവത്തോടുകൂടിയതുമാണ് വിദ്യാഭ്യാസമന്ത്രിയുടെ പുതിയ പരിഷ്കാരമെന്ന് വ്യക്തം. ഈ പരിഷ്കാരമേർപ്പെടുത്തിയതാവട്ടെ, അൺ എയ്ഡഡ് സ്കൂളുകൾക്കും ഇംഗ്ലീഷ്മീഡിയം സ്കൂളുകൾക്കും. യാതൊരു തത്വദീക്ഷയുമില്ലാതെ അംഗീകാരം നൽ

കുക, അഴിമതിയുടെ വിളനിലമായ സ്വകാര്യമേഖലയിൽ കൂടുതൽ കൂടുതൽ വിദ്യാലയങ്ങളനുവദിക്കുക, തോന്നിയതുപോലെ കരിക്കുലവും സിലബസ്സും പരിഷ്കരിക്കുക തുടങ്ങിയ പിന്തിരിപ്പൻ നടപടികളുടെ തുടർച്ചയായിട്ടുമാണ്. അതുകൊണ്ട് അധ്യാപകർക്കും വിദ്യാർഥികൾക്കും ഇടയിൽ അസംതൃപ്തി പടർന്നു പിടിച്ചതും വിദ്യാഭ്യാസരംഗം ഒരു സ്ഫോടകാവസ്ഥയിലെത്തി നിൽക്കുന്നതും സ്വാഭാവികമാണ്. ജൂൺ 20ന് എസ് എഫ് ഐ നടത്തുമെന്ന് പ്രഖ്യാപിച്ച സമരത്തിന് പൂർണമായും ഉത്തരവാദിത്വം വിദ്യാഭ്യാസമന്ത്രിക്കാണെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അതിനാൽ അധ്യാപക–വിദ്യാർഥി സംഘടനാപ്രതിനിധികളെ വിളിച്ചുകൂട്ടി അവരുന്നയിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്ത് അവക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ് വിവേകപൂർവമായ സമീപനം. നടപ്പ് വിദ്യാഭ്യാസ വർഷം ശാന്തമായിത്തീരണമെന്ന ആത്മാർഥമായ ആഗ്രഹം വിദ്യാഭ്യാസമന്ത്രിക്കുണ്ടെങ്കിൽ അദ്ദേഹം ചെയ്യേണ്ടത് അതാണ്.

## ഈ അരാജകത്വം അവസാനിപ്പിച്ചുകൂടെ?

കേരളത്തിലെ രണ്ട് യൂണിവേഴ്സിററികളിലെ പ്രീ-ഡിഗ്രി പരീക്ഷാഫലം ഇനിയും പ്രസിദ്ധീകരിക്കാതിരിക്കുകയാണ്. അതിനുശേഷം പിന്നെയും ആഴ്ചകൾ കഴിയണം ബി എ, ബി എസ് സി പരീക്ഷാഫലം പുറത്തുവരാൻ. ഇതിനിടയിൽ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നൂറുകണക്കിന് വിദ്യാർഥികൾക്ക് ആ പരീക്ഷ എഴുതാൻ കഴിയാത്ത സ്ഥിതിയാണ് വന്നുചേർന്നിട്ടുള്ളത്. അങ്ങനെ നിരവധി വിദ്യാർഥികൾക്ക് തങ്ങളാഗ്രഹിക്കുന്ന കോഴ്സിന് ചേരാൻ കഴിയാത്ത സാഹചര്യത്തിലാണ് പുതിയ വിദ്യാഭ്യാസ വർഷത്തിൻെറ തുടക്കം.

### അശാസ്ത്രീയം

പരീക്ഷാഫലം വൈകിക്കുന്നതിനെതിരെ ന്യായമായും വിദ്യാർഥികൾ ശബ്ദമുയർത്തി. അവർ പ്രക്ഷോഭത്തിൻെറ മാർഗത്തിലേക്കിറങ്ങി. അവർക്ക് നേതൃത്വം നൽകാൻ എസ് എഫ് ഐയും കേരളാ യൂണിവേഴ്സിററി യൂണിയനും മുമ്പോട്ടുവന്നു. അതിൻെറ ഫലമായി ജൂലൈ 15 ആകുമ്പോഴേക്കും പ്രീ-ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിക്കാമെന്ന് കേരള യൂണിവേഴ്സിററി അധികൃതർ

സമ്മതിച്ചിട്ടുണ്ട്. അത്രയും നല്ലത്. എന്നിരുന്നാലും പരീക്ഷാഫലം വൈകുന്ന പ്രതിഭാസം ഇപ്പോൾ സർവസാധാരണമായിത്തീർന്നിട്ടുണ്ട്. അത് ഗൗരവതരമായ പരിചിന്തനം അർഹിക്കുന്ന ഒരു വിഷയമത്രെ.

ഇപ്പോഴത്തെ നമ്മുടെ പരീക്ഷാസമ്പ്രദായം തികച്ചും അശാസ്ത്രീയമാണ്. 1884—ൽ പ്രസിദ്ധീകരിക്കപ്പെട്ട ഹണ്ടർ കമ്മീഷൻ റിപ്പോർട്ട് മുതൽ 1966—ൽ പ്രസിദ്ധീകരിക്കപ്പെട്ട കോത്താരി കമ്മീഷൻ റിപ്പോർട്ടുവരെയുള്ള വിവിധ റിപ്പോർട്ടുകളിൽ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. പേരുകേട്ട പല വിദ്യാഭ്യാസചിന്തകൻമാരും ഇതേ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. എന്താണ് നമ്മുടെ പരീക്ഷാസമ്പ്രദായത്തിൻെറ തകരാറ്? അതിങ്ങനെ സംഗ്രഹിക്കാം.

ഒന്നാമതായി, ഏതാണ്ട് 200 ദിവസം പഠിപ്പിച്ചതിനുശേഷം ഏതാനും മണിക്കൂറുകൾ മാത്രമാണ് പരീക്ഷിക്കുന്നത്. പഠിപ്പിച്ചവയിൽത്തന്നെ കുറച്ചുമാത്രമേ പരീക്ഷക്ക് വിധേയമാക്കുന്നുള്ളു. അതിനാൽ പഠിപ്പിച്ചതിനും പരീക്ഷക്കും ഇടയിൽ ഒരു വലിയ വിടവുണ്ടാകുന്നു. ഇത് പരീക്ഷാഫലത്തെ ഒരു ഭാഗ്യപരീക്ഷണത്തിന് വിധേയമാക്കുന്നു.

രണ്ടാമതായി, വൈജ്ഞാനികമണ്ഡലത്തിലും വൈകാരികമണ്ഡലത്തിലും പ്രവർത്തനമണ്ഡലത്തിലും അഭിലക്ഷണീയമായ മാററങ്ങൾ വരുത്തുകയാണ് വിദ്യാഭ്യാസപ്രക്രിയയുടെ ഉദ്ദേശ്യം. എന്നാൽ വിജ്ഞാനമണ്ഡലത്തിലെ പ്രാരംഭഘട്ടത്തിലെ ചില കഴിവുകളെ മാത്രമാണ് പരീക്ഷക്ക് വിധേയമാക്കുന്നത്. അതുകൊണ്ട് പരീക്ഷകളുടെ സാധ്യത വളരെ കുറവാണ്.

മൂന്നാമതായി, പരീക്ഷയെ മാത്രം ലാക്കാക്കി ബോധനം സംഘടിപ്പിക്കുന്നതിനാൽ വിദ്യാഭ്യാസോദ്ദേശ്യങ്ങൾ, ബോധനരീതി, മൂല്യനിർണയം എന്നിവയെല്ലാം ഇത് പ്രതികൂലമായി ബാധിക്കുന്നു.

നമ്മുടെ പരീക്ഷാസമ്പ്രദായത്തിൻെറ ഗുരുതരമായ ഈ തകരാറുകൾ പരിഹരിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്നതിൽ പക്ഷാന്തരമില്ല. അതിന് കാലം വൈകിയിരിക്കുന്നു എന്നതാണ് വസ്തുത. പക്ഷെ, അങ്ങനെ ചെയ്യുമ്പോൾ ഏതെങ്കിലുമൊരു മന്ത്രി തൻെറ തലയിൽ തോന്നിയതുപോലുള്ള പരിഷ്കാരങ്ങളേർപ്പെടുത്തുകയല്ല വേണ്ടത്. വിദ്യാഭ്യാസവിചക്ഷണൻമാരുമായും അധ്യാപകൻമാരുമായും വിദ്യാർഥികളുമായും രാഷ്ട്രീയകക്ഷികളുമായും കൂലങ്കഷമായി ചർച്ച നടത്തിയതിനുശേഷം വേണം സമഗ്രമായ പരിഷ്കരണം കൊണ്ടുവരിക. പക്ഷെ, ഏത് പരീക്ഷയായാലും കൃത്യസമയത്ത് നടത്തുക, അതിൻെറ ഫലം കൃത്യസമയത്തുതന്നെ പ്രസിദ്ധീകരിക്കുക—അങ്ങനെ ചെയ്യുന്നതിൽ യാതൊരു

വീഴ്ചയും വരുത്തരുത്. അങ്ങനെയായാൽ അത് അരാജകത്വത്തിന്റെ തെളിവായിരിക്കും. അതാണ് കേരളത്തിൽ ഇന്ന് കാണാൻ കഴിയുന്നത്. ഇവിടത്തെ കുത്തഴിഞ്ഞ വിദ്യാഭ്യാസത്തിന്റെ ഏററവും പ്രകടമായ ഉദാഹരണമാണ് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം.

പരീക്ഷാഫലം വൈകുന്നത് ഒരു പുതിയ പ്രതിഭാസമല്ല. കഴിഞ്ഞ കുറെക്കാലമായി നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ പിടികൂടിയ മാരകമായ ഒരു രോഗമാണത്. ആ രോഗം കുറെക്കൂടി മൂർഛിക്കുകയാണ് വലതുമുന്നണിഭരണത്തിൽ ചെയ്തിട്ടുള്ളത്. പ്രീ-ഡിഗ്രി പരീക്ഷാഫലം ഇതേവരെ പ്രസിദ്ധീകരിച്ചിട്ടില്ലെന്നുമാത്രമല്ല, പ്രീഡിഗ്രി പാർട്ട് മൂന്നിലെ സബ്ജക്ടുകളുടെ ഉത്തരക്കടലാസുകൾ ആദ്യറൗണ്ട് വാലുവേഷനുപോലും പോയിട്ടില്ലെന്നാണ് മനസിലാക്കാൻ കഴിയുന്നത്. അപ്പോൾ പിന്നെ ജൂലായി പതിനഞ്ചിനകം റിസൽട്ട് പ്രഖ്യാപിക്കാമെന്ന ഗവൺമെൻറിന്റെ വാഗ്ദാനം നടപ്പാക്കാൻ കഴിയുമോ എന്നു സംശയം.

കാരണം

ഇതിനിടയാക്കിയത് കേന്ദ്രീകൃത വാലുവേഷൻ സംവിധാനം ഉപേക്ഷിച്ചതാണ്. ആ സംവിധാനം തൃപ്തികരമാണെന്ന് തെളിഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ ഏതാനും വർഷമായി കേരളാ-കാലിക്കററ് യൂണിവേഴ്സിററികൾ പ്രീഡിഗ്രിക്ക് കേന്ദ്രീകൃത വാലുവേഷനാണ് നടത്തിപ്പോന്നത്. അതീവർഷം കേരളസർവകലാശാല ഉപേക്ഷിക്കുകയായിരുന്നു. കേരളസർവകലാശാല അതെന്തിനാണ് ചെയ്തത് എന്നത് തികച്ചും ദുരൂഹമായിരിക്കുന്നു. പരീക്ഷാക്രമക്കേടുകൾക്ക് പേരുകേട്ടതാണ് കേരളസർവകലാശാല. അക്കാര്യത്തിൽ പ്രസ്തുത സർവകലാശാല ഒരു റിക്കാർഡ് തന്നെയാണ് സൃഷ്ടിച്ചത്. ആ ക്രമക്കേടുകൾക്ക് ഒരു പരിധിവരെയെങ്കിലും വിരാമമിടാൻ കേന്ദ്രീകൃത വാലുവേഷന് കഴിയുമായിരുന്നു. അത് വേണ്ടെന്നു വെച്ചത് പലവിധ സംശയങ്ങൾക്കിടയാക്കുന്നു. കേന്ദ്രീകൃത വാലുവേഷന് വേണ്ടിവരുന്ന ചെലവുവഹിക്കാൻ ഗവൺമെൻറ് തയ്യാറാകാത്തതുകൊണ്ടാണ് അത് അവസാനിപ്പിച്ചതെന്ന് റിപ്പോർട്ടുകളിൽ കാണുന്നു. എങ്കിൽ അക്ഷന്തവ്യമായ തെററാണ് ഗവൺമെൻറ് ചെയ്തതെന്ന് പറയാതെ നിവൃത്തിയില്ല. പരീക്ഷയിലെ ക്രമക്കേടുകൾക്കെതിരെ, മാർക്ക് കുംഭകോണങ്ങൾക്കെതിരെ, ഉയർന്നുവന്നവികാരം മനസിലാക്കാൻ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ലെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

ബംഗാളിൻെറ മാതൃക

കേരളത്തിലെ മന്ത്രിമാർ തൊട്ടതിനും തൊടുന്നതിനുമൊക്കെ ബംഗാാം ഗവൺമെൻറിൻെറ പ്രവർത്തനങ്ങളുമായി തങ്ങളുടെ പ്രവർത്തനങ്ങാം താരതമ്യപ്പെടുത്തിക്കൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങാം മെച്ചപ്പെട്ടതാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കാറുണ്ട്. അങ്ങനെ ചെയ്യാറുള്ള മന്ത്രിമാർ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു താരതമ്യപഠനത്തിന് മുതിരാത്തതെന്തെന്ന് ചോദിക്കാൻ തോന്നിപ്പോവുകയാണ്. കോൺഗ്രസ് ആ സംസ്ഥാനത്തിൻെറ ഭരണം കയ്യാളിയപ്പോാം വിദ്യാഭ്യാസരംഗത്ത് സമ്പൂർണമായ അരാജകത്വം നടമാടി. പരീക്ഷകാം കൃത്യസമയത്ത് നടക്കില്ല. നടക്കുമ്പോാം കൂട്ടകോപ്പിയടിയുണ്ടാകും. കോപ്പിയടിക്കുന്നത് പിടിക്കുന്ന അധ്യാപകരെ കയ്യേറും. പരീക്ഷാഫലം ഒരിക്കലും കൃത്യസമയത്ത് പുറത്തുവരില്ല—ഇതായിരുന്നു അവസ്ഥ. യൂണിവേഴ്സിററിക്ളാസുകളും കോളേജ്ക്ളാസുകളും സാമൂഹ്യവിരുദ്ധരുടെ വിഹാരരംഗമായി മാറി. ഇത് ഏറക്കുറെ അവസാനിച്ചിരിക്കുന്നു. പരീക്ഷകാം ചിട്ടയായും കൃത്യസമയത്തും നടക്കാനാരംഭിച്ചിരിക്കുന്നു. കോപ്പിയടി തടയാൻ കഴിഞ്ഞിരിക്കുന്നു. പരീക്ഷാഫലം കൃത്യമായി പുറത്തുവന്നു തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് പൊതുവെ ശാന്തമായ അന്തരീക്ഷം നിലനിൽക്കുന്നു. പന്ത്രണ്ടാം ക്ളാസുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയതും വിദ്യാഭ്യാസ വകയിരുത്തൽ വർധിപ്പിച്ചതും അനേകം പുതിയ വിദ്യാലയങ്ങളാരംഭിച്ചതും ഇടതുപക്ഷമുന്നണി ഗവൺമെൻറിൻെറ വിദ്യാഭ്യാസരംഗത്തുണ്ടായ നേട്ടമാണ്. എന്നാൽ അതിനേക്കാാം വലിയ നേട്ടമാണ് വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ചെടുത്ത ശാന്തമായ അന്തരീക്ഷമെന്ന് പറയാൻ മടിക്കേണ്ടതില്ല. കേരളത്തിൽ ഇതിന് തീരെ വിപരീതമായ ദിശയിലാണ് കാര്യങ്ങാം നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് വിദ്യാഭ്യാസരംഗത്തെങ്കിലും ബംഗാാം മാതൃകയിൽ നിന്ന് പാഠങ്ങാം പഠിക്കാൻ വിദ്യാഭ്യാസമന്ത്രി ജേക്കബും കേരളത്തിലെ ഗവൺമെൻറും തയ്യാറാകുമോ?

കേരളത്തിൽ വളരെക്കാലമായി ഒരു പരീക്ഷയും കൃത്യസമയത്ത് നടക്കാറില്ല. പരീക്ഷാഫലം കൃത്യസമയത്ത് പുറത്തുവരാറുമില്ല. അതുകൊണ്ട് വിദ്യാഭ്യാസവർഷമാരംഭിച്ച് പിന്നെയും മാസങ്ങാം തന്നെ കഴിഞ്ഞായിരിക്കും പല കോഴ്സുകളും ആരംഭിക്കുന്നത്. മധ്യവേനൽ അവധി എന്നുപറയുന്നത് ഒരു നല്ല വിഭാഗം വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ഇന്ന് ആസ്വദിക്കാൻ കഴിയുന്നില്ല. ആ സമയത്ത് അവർ പരീക്ഷക്ക് തയ്യാറെടുക്കുന്ന തിരക്കിലായിരി

ക്കും. ഈ പ്രവണത ജേക്കബിൻെറ തലതിരിഞ്ഞ പല നടപടികളും മൂലം ശക്തിപ്പെട്ടിരിക്കുകയാണ്. മററാരു പ്രവണതയാണ് ആണ്ടിൽ വേണ്ടത്ര ദിവസങ്ങൾ പഠനത്തിനായി ലഭിക്കുന്നില്ലെന്നത്. അതായത് സാധ്യയനദിവസങ്ങളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. ഇത് ഏററവുമധികം ബാധിക്കുന്നത് പാവപ്പെട്ട കുട്ടികളെയാണ്. പണക്കാരുടെ വീടുകളിൽ നിന്നുള്ള കുട്ടികൾ പ്രത്യേക ട്യൂഷൻ വഴിയും മററും പഠിച്ചു പരീക്ഷ എഴുതി പാസായി പുറത്തുവരുമ്പോൾ പാവപ്പെട്ട കുട്ടികൾക്ക് പരീക്ഷയെന്ന കടമ്പ കടക്കാൻ കഴിയുന്നില്ല. ഇതുമൂലം കോളേജ് യൂണിയനുകളുടേതടക്കം പല പാഠ്യേതര പ്രവർത്തനങ്ങളും ശരിക്ക് നടത്താൻ കഴിയുന്നില്ല. ഈ പ്രവണതകൾ അവസാനിപ്പിക്കുകയെന്നത് നമ്മുടെ വിദ്യാഭ്യാസരംഗത്തെ വളരെ വലിയ പ്രശ്നമായി ഉയർന്നുവന്നിരിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ജേക്കബിന് കഴിയുമോ?

## കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി

ഇന്ത്യയിൽ അധികാരത്തിലിരിക്കുന്ന ഗവൺമെൻറ് മുതലാളിമാരുടെയും ജൻമിമാരുടെയും ഗവൺമെൻറാണ്. വൻകിടമുതലാളിമാർ നയിക്കുന്ന ഈ ഗവൺമെൻറ് വൻതോതിൽ വിദേശ ഫൈനാൻസ് മൂലധനവുമായി കൂട്ടുകൂടിക്കൊണ്ടിരിക്കുകയാണ്. അധികാര കൈമാററത്തിനുശേഷമുള്ള കഴിഞ്ഞ മുപ്പത്തേഴ് വർഷത്തെ ജീവിതവും അനുഭവവും പ്രത്യക്ഷരം ശരിവെക്കുന്ന ഒരു നിഗമനമത്രേ ഇത്. ഇതാണ് ഗവൺമെൻറിൻെറ വർഗസ്വഭാവം എന്നതുകൊണ്ട് ഇതിനനുസൃതമായി രൂപം നൽകപ്പെട്ടതാണ് ഇവിടത്തെ വിദ്യാഭ്യാസ സമ്പ്രദായം എന്ന് പ്രത്യേകം പറയേണ്ടതില്ല. ഇന്ത്യൻ ഭരണ വർഗത്തിൻെറ താൽപര്യങ്ങളെ അരക്കിട്ടുറപ്പിക്കാൻ കരുപ്പിടിപ്പിച്ചെടുക്കപ്പെട്ടതാണത്.

ഇന്ത്യാഗവൺമെൻറ് മുതലാളിമാരുടെ ഗവൺമെൻറാണെന്നും അവരെ നയിക്കുന്നത് വൻകിട മുതലാളിമാരാണെന്നും പറയാൻ കാരണമെന്താണ്? കുത്തകകൾ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം എത്രയോ അധികം തടിച്ചുകൊഴുത്തിട്ടുണ്ട്. ഏതാനും കുത്തക കുടുംബങ്ങളുടെ പക്കൽ രാജ്യത്തിൻെറ സമ്പത്ത് കേന്ദ്രീകരിച്ചു കിടക്കുകയാണ്. കുത്തക നിന്ത്രണ നിയമമുണ്ടായിട്ടും അവർക്കൊരു പോറൽ പോലുമേൽപിക്കാൻ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. ഭരണാധികാരത്തിൽ പങ്കാളിത്തമില്ലെങ്കിൽ കുത്തകകൾക്ക് ഇത് സാധിക്കുമായിരുന്നില്ല. ഇങ്ങനെ കുത്തകകൾ ഒരുഭാഗത്ത് സമ്പത്ത് വാരിക്കൂട്ടു

മ്പോഠം, മറുഭാഗത്ത് സാധാരണക്കാരുടെ നില അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. തന്നിമിത്തം പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വിടവ് കൂടിക്കൊണ്ടേയിരിക്കുന്നു. സാമ്പത്തിക രംഗത്തെ ഈ പ്രതിഭാസത്തിൻെറ പ്രതിഫലനം വിദ്യാഭ്യാസരംഗത്തും കാണാൻ കഴിയും. അവിടെ അത് പ്രകടമാകുന്നത് വിദ്യാഭ്യാസത്തിൻെറ വരേണ്യാടിസ്ഥാനം ശക്തിപ്പെട്ടുവരുന്നതിലൂടെയാണ്. വിദ്യാഭ്യാസം, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസം ദിവസം കഴിയുന്തോറും പണക്കാരുടെ മക്കഠംക്കുള്ള ഒരു 'പ്രിവിലജ്' (പ്രത്യേകാവകാശം) ആയി മാറിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ സർവേകളും സ്ഥിതിവിവരക്കണക്കുകളും കാണിക്കുന്നത് അതാണ്.

### കേരളത്തിൽ

ഇന്ത്യയിലെ ഒരു സംസ്ഥാനം എന്ന നിലയിൽ ഇതിനൊരപവാദമായി നിൽക്കാൻ കേരളത്തിനു കഴിയില്ലെങ്കിലും ഇവിടെ വിദ്യാഭ്യാസത്തിനു കുറേകൂടി ജനകീയമായ ഒരു അടിത്തറയുണ്ടായിരുന്നു. 1956 ൽ കേരളസംസ്ഥാനം പിറവിയെടുക്കുന്നതിനു മുമ്പു മുതൽ ഇതായിരുന്നു ഇവിടത്തെ സ്ഥിതി. കേരളത്തിലെ സാക്ഷരത ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കാനുള്ള കാരണം ഇതുതന്നെ.

ഇവിടത്തെ വിദ്യാഭ്യാസത്തിൻെറ ജനകീയ അടിത്തറ കുറേകൂടി ശക്തിപ്പെടുത്തുന്നതിന് 1957 ൽ അധികാരത്തിൽ വന്ന കമ്യൂണിസ്ററ് ഗവൺമെൻറ് നടപടി സ്വീകരിച്ചു. സെക്കൻഡറി വിദ്യാഭ്യാസം പടിപടിയായി സാർവത്രികമാക്കുന്നതിൻെറ ഭാഗമായി എട്ടാം ക്ളാസിലെ ഫീസ് വേണ്ടെന്നുവെച്ചതും മററു പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർഥികഠംക്ക് മുഴുവൻ ഫീസ് ആനുകൂല്യം അനുവദിച്ചതും ബസ്കൺസഷൻ ഏർപ്പെടുത്തിയതും ഹരിജൻ വെൽഫയർ ഹോസ്ററലുകളാരംഭിച്ചതും ടെക്സ്ററ് പുസ്തകങ്ങഠം ദേശസാൽക്കരിച്ചതും സ്വകാര്യമേഖലയെ നിരുത്സാഹപ്പെടുത്തിയതും ഈ ദിശയിൽ ഗവൺമെൻറ് കൈകൊണ്ട ചില നടപടികളത്രെ.

ഇതിൻെറ ഫലമായി തുടർന്നധികാരത്തിൽ വന്ന മുക്കൂട്ടു മുന്നണി ഗവൺമെൻറിനോ 1969—ൽ അധികാരത്തിൽവന്ന മാർക്സിസ്ററ് വിരുദ്ധഗവൺമെൻറിനോ ഇവിടെനിന്ന് പുറകോട്ടുപോകാൻ ധൈര്യമുണ്ടായില്ല. കോൺഗ്രസിന് നേതൃത്വമുണ്ടായിരുന്ന ഗവൺമെൻറുകഠംക്ക് ഇതര സംസ്ഥാനങ്ങളിൽ തങ്ങളുടെ പാർടിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറുകഠം പിന്തുടരുന്ന നയം ഇവിടെ പൂർണമായി നടപ്പാക്കാൻ കഴിഞ്ഞില്ല—ആഗ്രഹമില്ലാഞ്ഞിട്ടല്ല; ജനങ്ങളുടെ പ്രതികരണം അത്യന്തം നിശിതമായിരിക്കും എന്നതു

കൊണ്ട്. എന്നാൽ രണ്ടുവർഷം മുമ്പ് അധികാരത്തിൽ വന്ന കരുണാകരൻ ഗവൺമെൻറിലെ വിദ്യാഭ്യാസ മന്ത്രി ടി എം ജേക്കബ് രാജാവിനേക്കാൾ വലിയ രാജഭക്തി കാണിച്ചുകൊണ്ട് കേന്ദ്ര കോൺഗ്രസ്(ഐ) ഗവൺമെൻറിൻെറ വിദ്യാഭ്യാസ നയം വിശ്വസ്തതയോടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ദിരാ കോൺഗ്രസിന് തങ്ങളുടെ വിദ്യാഭ്യാസനയം നടപ്പാക്കാൻ ഇതിനേക്കാൾ നല്ലൊരു മന്ത്രിയെകിട്ടുമോ എന്ന കാര്യം സംശയം. അതെ, കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിതന്നെ!

തെളിവ്

മന്ത്രി ജേക്കബിനെതിരെ ഇങ്ങിനയൊരു ആക്ഷേപമുന്നയിക്കുന്നത് വെറുതെയല്ല. മന്ത്രിയായി സത്യവാചകം ചൊല്ലിയതിനുശേഷം അദ്ദേഹം നടപ്പാക്കിക്കൊണ്ടിരിക്കുന്ന നടപടിപരമ്പരകൾ തന്നെ അതിന് കാരണം. അവയിൽ ഏററവും കുപ്രസിദ്ധി നേടിയത് ഗവൺമെൻറ് ധനസഹായം നൽകാത്ത ഒട്ടേറെ സ്കൂളുകൾക്ക് അംഗീകാരം നൽകിയതാണ്. ഈ പ്രക്രിയക്ക് ഒരു അവസാനം കാണുന്ന ലക്ഷണമില്ല. തോന്നുമ്പോൾ, തോന്നുന്ന സമയത്ത്, തോന്നുന്ന ആളുകൾക്ക് ജേക്കബ് സ്കൂളുകൾക്ക് അംഗീകാരം നൽകുകയാണ്. സ്വകാര്യമേഖലയിൽ കൂടുതൽ കൂടുതൽ സ്ക്കൂളുകൾ അനുവദിക്കുകയാണ്. ഇങ്ങനെ സ്കൂളുകൾ അനുവദിക്കുമ്പോൾ യാതൊരു തത്വവും അദ്ദേഹം പാലിക്കുന്നില്ല. അതിൻെറ ഫലമായി ഗവൺമെൻറ് സ്കൂളുകളിൽ ചിലത് അടച്ചുപൂട്ടേണ്ടി വന്നിരിക്കുകയാണ്. മന്ത്രി ഇതൊക്കെ ചെയ്യുന്നത് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കാനാണെന്ന് വ്യക്തം. വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയെ വളർത്തിയെടുക്കുകയും ഗവൺമെൻറ്മേഖലയെ തകർക്കുകയും ചെയ്യുക എന്നത്അദ്ദേഹത്തിൻെറ ഏററവും പ്രധാനപ്പെട്ട ലക്ഷ്യമാണ്.

അൺ എയ്ഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന്പിന്നിൽ മറെറാരു ലക്ഷ്യമുണ്ട്. വിദ്യാഭ്യാസത്തിൻെറ വരേണ്യാടിസ്ഥാനം വിപുലവും ശക്തവുമാക്കുക. അൺ എയ്ഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നതിന് കുട്ടികൾക്ക് കനത്ത ഫീസ് നൽകേണ്ടിവരും. അതുകൊണ്ട് സാധാരണക്കാർക്ക് തങ്ങളുടെ കുട്ടികളെ അവിടെ അയക്കാൻ കഴിയില്ല. പണക്കാരുടെ കുട്ടികൾ മാത്രം പഠിക്കുന്ന സ്ഥാപനങ്ങളായി അവ രൂപാന്തരപ്പെടും. അത്തരം കുട്ടികളെ വളർത്തി ഉയർത്തി എടുക്കുകയാണ് വിദ്യാഭ്യാസമന്ത്രിയുടെ ഉദ്ദേശ്യം.

എന്നാൽ ഇന്ന് ഹൈസ്കൂൾ ക്ലാസുവരെയേ പ്രത്യേകതരം വിദ്യാലയങ്ങളുള്ളു. ഇവിടെ നിന്ന് കുട്ടികൾ എസ് എസ് എൽ സി പരീക്ഷയും കഴിഞ്ഞ് പുറത്തുവരുമ്പോൾ സാധാരണ കോളേജുകളിൽ പഠനം തുടരേണ്ടിവരും. അവർക്ക് പ്രത്യേകമായ സൗകര്യങ്ങളൊന്നുമുണ്ടായിരിക്കുകയില്ലെന്നർഥം. ഇക്കൂട്ടരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടി ഒരു കമ്മിററിയെയും നിയോഗിച്ചിരിക്കുകയാണ്. 'അൺ എയ്ഡഡ് റക്കഗ്നൈസ്ഡ് സ്കൂളുകളിൽ നിന്ന് എസ് എസ് എൽ സി പാസായി പുറത്തുവരുന്ന വിദ്യാർഥികൾ ഓട്ടേണമസ് കോളേജുകളിൽ പ്രവേശിപ്പിക്കുക; അവിടെനിന്ന് ബിരുദപഠനവും ബിരുദാനന്തര പഠനയും പൂർത്തിയാക്കുക; അങ്ങനെ അവരെ സാധാരണ വിദ്യാർഥികളിൽ നിന്ന് മാററിനിർത്തുക—ഇതാണ് ഇതിൻെറ അടിയിൽ കിടക്കുന്ന ലക്ഷ്യം. ഇത് വിദ്യാഭ്യാസരംഗത്ത് രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കുന്നതിനും തദ്വാരാ വിദ്യാഭ്യാസരംഗത്തെ അസമത്വം വർധിപ്പിക്കുന്നതിനും മാത്രമേ സഹായിക്കൂ. തമിഴ്നാട്ടിൽ പരീക്ഷിച്ച് പരാജയപ്പെട്ട ഒരു പദ്ധതി കൂടിയാണ് ഇതെന്നോർക്കുക.

വിദ്യാഭ്യാസം വരേണ്യർക്ക് മാത്രമായി പരിമിതപ്പെടുത്തുക എന്നതിനോടൊപ്പംതന്നെ വിദ്യാഭ്യാസമന്ത്രിക്ക് മറെറാരു ലക്ഷ്യം കൂടിയുണ്ട്. സ്വകാര്യകോളേജ് മാനേജുമെൻറുകളെ കുറെക്കൂടി സഹായിക്കുക. എതാനും കോളേജുകൾക്ക് സ്വയം ഭരണാധികാരം നൽകാൻ തീരുമാനിക്കുമ്പോൾ അതിൻെറ ഏററിയകൂറും ലഭിക്കുക സ്വകാര്യമേഖലക്കായിരിക്കും. അങ്ങനെ സ്വകാര്യകോളേജുകൾക്ക് അധ്യാപകരെ നിയമിക്കാനും വിദ്യാർഥികൾക്ക് പ്രവേശനം നൽകാനും സിലബസ് തയ്യാറാക്കാനും പരീക്ഷ നടത്താനും അനുവാദം ലഭിക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുകയെന്ന് ഊഹിക്കാവുന്നതേയുള്ളു. ഇപ്പോൾതന്നെ അഴിമതിയുടെ കേന്ദ്രങ്ങളായ സ്വകാര്യകോളേജുകളിൽ അത് കുറെക്കൂടി ശക്തിപ്പെടും. മാത്രമല്ല, തങ്ങളുടെ മതാന്തരീക്ഷത്തിൽ കുട്ടികളെ വളർത്തിക്കൊണ്ടുവരാൻ തങ്ങൾ ശ്രമിക്കുമെന്ന് ഈ കോളേജുകളുടെ മാനേജ്മെൻറുകൾ ശഠിച്ചാൽ അവർക്കെതിരെ ഒന്നും ചെയ്യാൻ ഗവൺമെൻറിന് കഴിയില്ല. അതിൻെറ ഫലം വർഗീയചിന്താഗതി വളർത്തിയെടുക്കുന്നതിനുള്ള ഒരു വേദിയായി ഈ കോളേജുകൾ പരിവർത്തിക്കപ്പെടുക എന്നതായിരിക്കും.

വാസ്തവത്തിൽ ഇങ്ങനെയൊരാലോചന കേന്ദ്രഗവൺമെൻറിന് വളരെ മുമ്പുമുതൽതന്നെ ഉണ്ടായിരുന്നതാണ്. അത് നടപ്പാക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിത്തന്നെ അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയിൽ അവർ ആവിഷ്കരിച്ചു. പദ്ധ

തിവർഷങ്ങളിൽ ഓരോ എൻ ഇ എസ് ബ്ലോക്കിലും ഓരോ മോഡൽ പ്രൈമറി സ്കൂളും ഓരോ ജില്ലയിലും ഓരോ മോഡൽ സെക്കൻററിസ്കൂളും ആരംഭിക്കാനും ചുരുങ്ങിയത് 5 ശതമാനം കോളേജുകൾക്കെങ്കിലും സ്വയം ഭരണാധികാരം നൽകാനും അതിൽ വിഭാവനം ചെയ്തിരുന്നു. ആറാം പദ്ധതിയിലാവട്ടെ 500 കോളേജുകൾക്കെങ്കിലും ഇപ്രകാരം സ്വയംഭരണാധികാരം നൽകാനുള്ള നിർദേശം പ്ലാനിംഗ് കമ്മിഷനും യു ജി സി യും അംഗീകരിക്കുകയുണ്ടായി.

കേന്ദ്രഗവൺമെൻറിൻെറ ആ നയം വിശ്വസ്തതയോടെ നടപ്പാക്കാനാണ് തൻെറ സ്വകാര്യമായ താൽപര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട്, ജേക്കബ് ആഗ്രഹിക്കുന്നത്. എന്നാൽ കേന്ദ്രഗവൺമെൻറ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചത് ഔപചാരിക വിദ്യാഭ്യാസ മേഖലയിലൂടെയാണെങ്കിൽ ജേക്കബ് അതിന് ഭാഗികമായി ആശ്രയിക്കുന്നത് അനൗപചാരിക വിദ്യാഭ്യാസ മേഖലയെയാണ്— സെക്കൻററിതലംവരെ സഹായധനം നൽകാത്ത അംഗീകൃത സ്കൂളുകളെ. ഇവിടെയാണ് ഔപചാരിക വിദ്യാഭ്യാസ മേഖലയിലേതിനേക്കാൾ അരിച്ചെടുക്കൽ കൂടുതൽ നടക്കുക.

ചുരുക്കത്തിൽ, കേന്ദ്രഗവൺമെൻറ് വിഭജനംചെയ്യുന്നതിനേക്കാൾ വിപുലവും ശക്തവുമായി വിദ്യാഭ്യാസം വരേണ്യർക്കുവേണ്ടി പരിമിതപ്പെടുത്തിയെടുക്കുക എന്നതാണ് കേരളഗവൺമെൻറിൻെറ വിദ്യാഭ്യാസനയത്തിൻെറ സത്ത്. ഈ നയത്തെയാണ് ''വിദ്യാഭ്യാസരംഗത്ത് ചാതുർവർണ്യ വ്യവസ്ഥ ശക്തിപ്പെടുത്തുന്ന നയം'' എന്ന് ഒരിക്കൽ എ കെ ആൻറണി വിശേഷിപ്പിച്ചത്. ആ നയം തിരുത്തണമെന്ന് അപ്പോൾ ആൻറണി ആവശ്യപ്പെട്ടതാണ്. ഇപ്പോൾ അദ്ദേഹത്തിന് ജേക്കബ് പിന്തുടരുന്ന നയത്തെക്കുറിച്ച് ഒന്നും പറയാനില്ലേ?

4192

RC Library & Research Center

# കേരളത്തിലെ വിദ്യാഭ്യാസം കാൽനൂററാണ്ട് പിറകോട്ട്

4192

സി ഭാസ്കരൻ

370.15483

ചിന്ത പബ്ലിഷേഴ്സ്
തൈക്കാട്
തിരുവനന്തപുരം 695 014
വില : 75 പൈസ

Indic Digital Archive Foundation
gpura.org